**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 166 | 04.06.2018-ൽ മറുപടിക്ക് |
|---|---|

**പോക്സോ കേസ്സുകൾ**

| | ചോദ്യം<br>ശ്രീ. യു.ആർ. പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | പ്രായപൂർത്തിയാകാത്ത കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട എത്ര കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | പ്രായപൂർത്തിയാകാത്ത കുട്ടികളെ (ആൺകുട്ടികൾ, പെൺകുട്ടികൾ ഉൾപ്പെടെ) ലൈംഗീകമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് 5,133 കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2013, 2014, 2015 എന്നീ വർഷങ്ങളിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര എണ്ണമുണ്ട്; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2013, 2014, 2015 എന്നീ വർഷങ്ങളിൽ കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് ഓരോ വർഷവും രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| വർഷം | ആകെ |
|---|---|
| 2013 | 1152 |
| 2014 | 1532 |
| 2015 | 1695 |

| | | | |
|---|---|---|---|
| (സി) | പോക്സോ കേസ്സുകളിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തി വേഗത്തിൽ കുറ്റവാളികളെ നിയമത്തിനുമുൻപിൽ കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; | (സി) | പോക്സോ കേസുകളിൽ അന്വേഷണം ഉർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഇത്തരം കേസുകളിൽ എല്ലാ മാസവും റിവ്യൂ നടത്തി അന്വേഷണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾനൽകിവരുന്നു. കൂടാതെ ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്താൽ ഉടനെ ബന്ധപ്പെട്ട മേലധികാരികളെ അറിയിക്കുന്നതിനും കേസുകൾ രജിസ്റ്റർ ചെയ്ത് അവർക്ക് വേണ്ട നിയമസഹായവും വൈദ്യസഹായവും |

| | | | |
|---|---|---|---|
| | | | നൽകുന്നതിനും പെൺകുട്ടികളാണെങ്കിൽ പ്രത്യേകം വനിതാപോലീസിന്റെ സേവനം ഉറപ്പുവരുത്തി പ്രതികളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് കേസുകൾ ഉടനെ തീർപ്പാക്കി കുറ്റപത്രം ബന്ധപ്പെട്ട കോടതികളിൽ സമർപ്പിക്കുന്നതിന് എല്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | കമ്പോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ദൂഷ്യവശങ്ങളായ സാംസ്കാരികമൂല്യച്യുതി, സാമൂഹ്യ-കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പില്ലായ്മ തുടങ്ങിയ കാരണങ്ങളാലാണ് ലൈംഗികാതിക്രമങ്ങൾ ഉണ്ടാകുന്നത് എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | (ഡി) | കമ്പോളവൽക്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും ദൂഷ്യവശങ്ങളായ സാംസ്കാരികമൂല്യച്യുതി, സാമൂഹ്യ-കുടുംബ ബന്ധങ്ങളുടെ കെട്ടുറപ്പില്ലായ്മ തുടങ്ങിയവയും കൂടാതെ മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും അമിത ഉപയോഗവും ഇന്റർനെറ്റ്, മൊബൈൽഫോൺ എന്നിവയുടെഉപയോഗവും ലൈംഗികാതിക്രമങ്ങൾക്ക് ഒരു പരിധിവരെ കാരണമാകുന്നുണ്ട്. എന്നാൽ ഇക്കാര്യത്തിൽ വലിയ വിലയിരുത്തലുകൾ ഒന്നുംതന്നെ നടത്തിയിട്ടില്ലാത്തതാകുന്നു. |
| (ഇ) | സാമൂഹ്യ-കുടുംബബന്ധങ്ങളുടെ കെട്ടുറപ്പ് ബലപ്പെടുത്തുന്നതിന് ആവശ്യമായ ബോധവൽക്കരണവും നിയമനടപടികളും സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട് നടത്തുന്നതിനും സ്വീകരിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഇ) | ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തിരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാ തല ബോധവൽക്കരണപരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പോക്സോ നിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി 14 ജില്ലകളിലും ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ അംഗൻവാടി വർക്കർമാർ, ശിശുവികസന |

| | | | |
|---|---|---|---|
| | | | പദ്ധതി ഓഫീസർമാർ, കുടുംബശ്രീ പ്രവർത്തകർ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകൾ, സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവർക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ